# INDIAN SCHOOL AL WADI AL KABIR

| CLASS: VIII | DEPARTMENT: MALAYALAM | DATE : 06/05/2021 |
|---|---|---|
| Class Note | Lesson: 2 | Topic: അമ്മമ്മ |

## അമ്മമ്മ

**1. അർത്ഥം**

പേരക്കുട്ടി = മകൻെറയോ മകളുടെയോ കുട്ടി/ പോറ്റുക= സംരക്ഷിക്കുക/ ഏകാന്തത= ഒറ്റയ്ക്കായിരിക്കുന്ന അവസ്ഥ/അസഹനീയം= സഹിക്കാനാവാത്ത/ ആവലാതി= പരാതി/ വിധവ= ഭർത്താവ് മരിച്ചവൾ/ വേവലാതി= പരിഭ്രമം/ പിൻവാങ്ങുക= പിന്മാറുക

**2. പര്യായപദങ്ങൾ**

വീട്: ഭവനം, ആലയം, ഗൃഹം/ അമ്മ: ജനനി, മാതാവ്, ജനിത്രി/ കണ്ണ്: നയനം, നേത്രം, മിഴി /കിണർ: കൂപം, അന്ധു, ഉദപാനം/ മകൾ: തനയ, ആത്മജ, പുത്രി/ ഭർത്താവ്: പതി, കാന്തൻ, ധവൻ/ മുഖം: ആനനം, വദനം, ആസ്യം

**3. നാനാർത്ഥം**

പൊടിയുക: പൊടിയാവുക, ഊറി വരുക/ അർത്ഥം: പൊരുൾ, ധനം/ ധരിക്കുക: അണിയുക, മനസ്സിലാക്കുക

**4. അർത്ഥവ്യത്യാസം**

1. ആവശ്യം= വേണ്ടത്
   അവശ്യം= അത്യാവശ്യമായത്
2. പാദം= കാല്
   പദം= വാക്ക്
3. അർത്ഥം= പൊരുൾ
   അർദ്ധം= പകുതി

**5. വിപരീതപദം**

ചെറിയ X വലിയ/ മൂത്ത X ഇളയ/ ശ്രദ്ധ X അശ്രദ്ധ/ ഒത്തിരി X ഇത്തിരി/ ആവശ്യം X അനാവശ്യം / മുമ്പിൽ X പിമ്പിൽ/ സാധാരണം X അസാധാരണം

**6, പിരിച്ചെഴുതുക**

വീടിനടുത്ത്= വീടിന് + അടുത്ത് / താഴെയുള്ള = താഴെ + ഉള്ള / ഇത്തവണ= ഇ + തവണ/ പെരുകുന്തോറും= പെരുകും + തോറും / തേവിത്തേവി= തേവി + തേവി /കണ്ണീർ= കൺ + നീർ /അതൊക്കെ= അത് + ഒക്കെ

**7. വിഗ്രഹിച്ചെഴുതുക**

അമ്മമ്മ= അമ്മയുടെ അമ്മ/ മഹാസങ്കടം= മഹത്തായ സങ്കടം/ തെളിനീര്= തെളിഞ്ഞ നീര്/അമ്മവിളക്ക്= അമ്മയാകുന്ന വിളക്ക്/ കണ്ണീരുപ്പ്= കണ്ണീരിലെ ഉപ്പ്

**8. എതിർലിംഗം**

അമ്മ - അച്ഛൻ/ മൂത്തവൻ – മൂത്തവൾ/ അധ്യാപകൻ - അധ്യാപിക

**9. വാക്യത്തിൽ പ്രയോഗിക്കുക**

1. *ഊതിക്കെടുത്തുക:* സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്ന അക്രമവാസനകളെ മുളയിലേ ഊതിക്കെടുത്തണം.
2. *നിറവേറ്റുക:* മറ്റുള്ളവരുടെ നിർബന്ധം കൊണ്ടല്ല നമ്മൾ കടമകൾ നിറവേറ്റേണ്ടത്.
3. *കാതുകൊടുക്കുക:* ജനങ്ങളുടെ ആവലാതികൾക്ക് കാതു കൊടുക്കുന്നവരാ-യിരിക്കണം ഭരണാധികാരികൾ.

**10. ഉത്തരം എഴുതുക**

*1. അമ്മമ്മ പേരക്കുട്ടികളെ ഹോസ്റ്റലിൽ വിട്ടത് എന്തുകൊണ്ട്?*

പേരക്കുട്ടികളുടെ ആവശ്യങ്ങളൊന്നും തനിക്ക് നിറവേറ്റാൻ കഴിയാത്തതു കൊണ്ടും അവരുടെ പഠനത്തെക്കുറിച്ച് വലിയ പ്രതീക്ഷകൾ ഉള്ളതുകൊണ്ടുമാണ് അമ്മമ്മ അവരെ ഹോസ്റ്റലിൽ വിട്ടത്.

*2. ''അത്രയ്ക്കു പെരുകുന്ന സങ്കടങ്ങളുടെ അർത്ഥം പിന്നീടാണെനിക്കു മനസ്സിലായത്.'' അമ്മമ്മയുടെ സങ്കടങ്ങളുടെ കാരണമെന്ത്?*

വിധവയും വൃദ്ധയുമാണ് അമ്മമ്മ. അച്ഛനും അമ്മയുമില്ലാത്ത മൂന്നു പേരക്കുട്ടികളെ പകലന്തിയോളം പണിയെടുത്താണ് അമ്മമ്മ പോറ്റിയിരുന്നത്. മദ്യപാനിയായ മരുമകൻെറ പീഡനം മൂലം ഏകമകൾ കൊല്ലപ്പെട്ടു.

ജീവിതച്ചെലവിനു മാർഗ്ഗമില്ലാത്തതിനാൽ പേരക്കുട്ടികളെ ഹോസ്റ്റലിൽ വിട്ടു. കുട്ടികളുടെ ചൂടും സ്നേഹവുമില്ലാത്ത വീട്ടിൽ അമ്മമ്മ ഇപ്പോൾ ഒറ്റയ്ക്കാണ്. ഇതെല്ലാമാണ് അമ്മമ്മയുടെ സങ്കടങ്ങളുടെ കാരണം.

*3. പേരക്കുട്ടികളുടെ അദ്ധ്യാപകരെ കണ്ട് അമ്മമ്മ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?*

തൻെറ മക്കളെ പൊന്നു പോലെ നോക്കണേയെന്നും അവരെ പഠിപ്പിച്ച് കരകയറ്റണേ എന്നുമാണ് അമ്മമ്മ പേരക്കുട്ടികളുടെ അദ്ധ്യാപകരെ കണ്ട് പറയുന്നത്.

*4. കുട്ടികളെ കാണാനെത്തുന്ന അമ്മമ്മ സ്കൂൾ ഇൻറർവെൽ സമയത്ത് എന്താണ് ചെയ്തിരുന്നത്?*

സ്കൂൾ ഇൻറർവെൽ സമയത്ത് അമ്മമ്മ മൂന്നു പേരക്കുട്ടികളെയും കൂട്ടി അങ്ങാടിയിലേക്കു പോകും. ചായക്കടയിൽ കയറി പൊറോട്ടയും പഴംപൊരിയും വാങ്ങിക്കൊടുക്കും. പേന, ചെരുപ്പ്, ബെൽറ്റ്, ചോക്ലേറ്റ് എന്നിവയും മേടിച്ചു നൽകും.

*5. 'എൻെറ വേവലാതി അതൊന്നുമല്ല.' എന്താണ് കഥാകൃത്തിൻെറ വേവലാതി?*

കുട്ടികൾ വളർന്നു കഴിയുമ്പോൾ വർണ്ണത്തിളപ്പിൻെറ ലോകം അവരെ മാറ്റി മറിക്കുമോ എന്നും വെയിലൂടെ നടന്നുനടന്ന് നിറം മങ്ങിയ അമ്മമ്മയുടെ സാരിയിലേക്ക് അവർ വെറുപ്പോടെ നോക്കുമോ എന്നുമാണ് എഴുത്തുകാരൻെറ വേവലാതി.

***